അശ്റഫ് കീഴുപറമ്പ്

# അവർഗീയ സംഘടന

ഇന്ത്യയിൽ സമാധാനപരവും നിയമാനുസൃ വുമായ രീതിയിലൂടെ പ്രവർത്തിച്ചുകൊണ്ടി രിക്കുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. വിവിധ ജനവിഭാഗങ്ങൾക്കിട യിൽ വെറുപ്പും വിദ്വേഷവും സൃഷ്ടിക്കുന്ന ഒരു പ്രവൃത്തിയും ജമാഅത്തിന്റെ ഇതപ ര്യന്തമുള്ള ചരിത്രത്തിലുണ്ടായിട്ടില്ല. രാജ്യ ത്ത് നടക്കുന്ന കുഴപ്പങ്ങൾക്ക് പിന്നിൽ ജമാഅത്തിന്റെ 'കറുത്ത' കരമുണ്ടോ എന്ന് മഷിയിട്ട് നോക്കിയവർ അവസാനം നിരാ ശരായിട്ടേയുള്ളൂ. എന്നിട്ടും രാജ്യത്ത് കുഴ പ്പമുണ്ടാക്കുകയും ജനവിഭാഗങ്ങളെ തമ്മി ലടിപ്പിക്കുകയും ചെയ്യുന്ന വർഗീയ കക്ഷി യാണ് ജമാഅത്തെ ഇസ്‌ലാമിയെന്ന ആരോ പണം രാഷ്ട്രീയ-സാസ്കാരിക വേദികളിൽ നിന്ന് ഇന്നും ഉയർന്നുകൊണ്ടിരിക്കുന്നു. മതവിരുദ്ധരും ഭൗതികവാദികളുമായ കമ്യൂ ണിസ്റ്റുകളും ഗാന്ധിയൻ ആദർശം പ്രസം ഗിക്കുന്ന കോൺഗ്രസ് തറവാട്ടിലെ സംഘ ടനകളും തീവ്രഹൈന്ദവ ഫാഷിസ്റ്റ് വിഭാ ഗങ്ങളും ജമാഅത്തിൽ വർഗീയത ആരോ പിക്കുന്നതിൽ മത്സരിച്ച ഒരു കാലമുണ്ടാ യിരുന്നു. ഇന്നും ആ അവസ്ഥക്ക് കാര്യ മായ മാറ്റമുണ്ടായിട്ടില്ല.

ഉത്തരവാദിത്വമുള്ള നേതാക്കൾ വരെ ഇത്തരം അബദ്ധജടിലവും നിരുത്തരവാദ പരവുമായ ആരോപണങ്ങൾ തൊടുത്തു വിടുന്നതിൽ നിന്നൊഴിവല്ല. ജവഹർലാൽ നെഹ്റു തന്നെ ഉദാഹരണം. 1959-ൽ നട ത്തിയ ഒരു പത്രസമ്മേളനത്തിൽ, ജമാ അത്ത് വർഗീയത്വവും സങ്കുചിതത്വവും മതവൈരാഗ്യവും വളർത്തുകയാണെന്ന് നെഹ്റു ആരോപിച്ചു. 'ഞങ്ങൾ (കോൺഗ്ര സുകാർ) ഈ പാർട്ടിയെ കഠിനമായി വെറു ക്കുന്നു' എന്ന് സമുന്നതനായൊരു നേതാവ് രോഷാകുലനായി പറയുമ്പോൾ, അദ്ദേഹത്തിന്റെ കൈവശം ആരോപണ ങ്ങൾ തെളിയിക്കാനുള്ള വസ്തുതകളു ണ്ടാവും എന്നല്ലേ നാം കരുതുക? പക്ഷേ നെഹ്റുവിന് പ്രധാനമന്ത്രിയായിരുന്നിട്ടും, ജമാഅത്തിന്റെ പ്രവർത്തനരീതി വർഗീയ മാണെന്ന് സ്ഥാപിക്കാൻ ഒരു തെളിവും ഹാജരാക്കാനായില്ല. ലീഗുമായി ചിലയിട ങ്ങളിൽ രാഷ്ട്രീയ സഖ്യമുണ്ടാക്കിയതിന്റെ പേരിൽ കോൺഗ്രസിനെതിരിൽ രൂക്ഷമായ വിമർശനങ്ങളുയർന്നു വന്ന കാലമായി രുന്നു അത്. ഈ കൂട്ടുകെട്ടിനെ ന്യായീക രക്കാൻ ലീഗിനേക്കാൾ വർഗീയവും സങ്കു ചിതവുമായ സംഘടനകൾ വേറെയു ണ്ടെന്ന് പറഞ്ഞ് ജനങ്ങളെ സമാധാനിപ്പി ക്കാനായിരിക്കും നെഹ്റു ഇത്തരമൊരു അടിസ്ഥാനരഹിതമായ ആരോപണം തൊടുത്തുവിട്ടത്.

ഗുൽസാരിലാൽ നന്ദ ആഭ്യന്തര മന്ത്രി യായിരുന്നപ്പോൾ ജമാഅത്തിനെ വർഗീയ സംഘടനയാക്കി ചിത്രീകരിച്ചുകൊണ്ടുള്ള സർക്കുലർ എല്ലാ ഗവൺമെന്റ് ഡിപ്പാർട്ടു മെന്റുകളിലേക്കും അയക്കുകയുണ്ടായി. എം. സി. ചഗ്ലയും കൂട്ടരും അലിഗർ യൂനിവേ ഴ്സിറ്റി ദേശസാൽക്കരിക്കാൻ ഒരു ശ്രമം നടത്തിയിരുന്നു. അതിനവർ കണ്ടുപിടിച്ച പ്രധാന ന്യായം, അവിടെ 'വർഗീയ സം ഘടന'യായ ജമാഅത്തിന്റെ സ്വാധീനം വർധിക്കുന്നുവെന്നതായിരുന്നു. ആഭ്യന്തര മന്ത്രിയായിരുന്ന ചവാനും ജനസംഘം നേതാവായിരുന്ന വാജ്പേയും സർവോദയ നേതാവ് ജയപ്രകാശ് നാരായണനും ജമാ അത്തിനെതിരെ വർഗീയത ആരോപിച്ചവ രിൽ ഉൾപെടുന്നു. യഥാസമയം ജമാഅത്ത് നേതാക്കൾ അവരെ നേരിൽ കാണുകയും സത്യം ബോധ്യപ്പെടുത്തിക്കൊടുക്കുകയു മുണ്ടായി. എന്നാൽ ശാഠ്യബുദ്ധിയോടെ ആരോപണങ്ങൾ ആവർത്തിക്കാനാണവർ മുതിർന്നത്.

ദൈവവിശ്വാസിയല്ലാത്ത നെഹ്റുവിന്, മതത്തിന്റെ പേര് പറയുന്നതും മതം പ്രച രിപ്പിക്കുന്നതും വർഗീയതയായി തോന്നിയി ട്ടുണ്ടാവാം. ഇതേ അടിസ്ഥാനത്തിൽ നിന്ന്കൊണ്ടുള്ളത് തന്നെയാണ് ജമാഅ ത്തിനെതിരെയുള്ള കമ്യൂണിസ്റ്റ് വിമർശന ങ്ങളും. 1968-ൽ ശ്രീനഗറിൽ ചേർന്ന ദേശി യോദ്ഗ്രഥന സമ്മേളനത്തിൽ കമ്യൂണിസ്റ്റ് നേതാവ് ഭൂപേശ് ഗുപ്ത ആർ.എസ്.എ സിന്റെ കൂടെ ജമാഅത്തിനെയും എണ്ണി. പശ്ചിമ ബംഗാളിലെ കമ്യൂണിസ്റ്റ് നേതാവ് പ്രമോദ്ദാസ് ഗുപ്തയോട് ജമാഅത്തിനെ വർഗീയ സംഘടനയെന്ന് വിളിക്കാൻ കാര ണമെന്താണെന്ന് ജമാഅത്ത് നേതാക്കൾ ചോദിച്ചു. 'നിങ്ങൾ ദൈവത്തിൽ വിശ്വ സിക്കുന്നില്ലേ, അതുതന്നെയാണ് നിങ്ങൾ വർഗീയ വാദികളാണെന്നതിന് തെളിവ്' - ഗുപ്തയുടെ മറുപടി.

കോൺഗ്രസും കമ്യൂണിസ്റ്റ് പാർട്ടി കളും ഹൈന്ദവ തീവ്രവാദി സംഘടനകളും ജമാഅത്തിനെതിരെ ഉന്നയിക്കുന്ന ആരോ പണങ്ങൾ തമ്മിൽ അത്ഭുതകരമായ സാദൃശ്യം കണ്ടെത്താൻ കഴിയും. എല്ലാ വരും ഉന്നയിക്കുന്ന ആരോപണങ്ങൾ, വിശ ദാംശങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും, ഒന്നു തന്നെയാണ്. 1970 മെയ് 26-ന് ന്യൂഡൽഹി യിൽ ചേർന്ന കോൺഗ്രസ് നേതൃസമ്മേ ളനം (എ.ഐ.സി.സി) ജമാഅത്തിനെതിരെ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ സംക്ഷേപി ച്ചാൽ, മുഖ്യ ആരോപണങ്ങൾ എന്തൊ ക്കെയാണെന്ന് മനസ്സിലാവും.

ഒന്ന്: ആർ.എസ്.എസിനെപ്പോലെ ജമാഅത്തും ഒരർദ്ധ സൈനിക സംഘട നയാണ്.

രണ്ട്: കോൺഗ്രസിന്റെ വിഭാവന പ്രകാരം സെക്യുലർ സമൂഹത്തിൽ ജീവി ക്കാൻ ജമാഅത്തിന് അവകാശമില്ല.

മൂന്ന്: ജമാഅത്തെ ഇസ്‌ലാമി വർഗീയാക്രമണത്തിന്റെയും വിദ്വേഷത്തി ന്റെയും വികാരങ്ങൾ ഇളക്കിവിടുന്നു.

ജമാഅത്തിനെതിരെയുള്ള അന്ധമായ വിദ്വേഷപ്രകടനമാണ് യഥാർഥത്തിൽ എ. ഐ.സി.സി. പ്രമേയത്തിലൂടെ പുറത്ത് വന്നത്. തെളിവുകൾ ഹാജരാക്കണമെന്ന ജമാഅത്ത് നേതാക്കളുടെ ആവശ്യത്തിന് കോൺഗ്രസ് നേതൃത്വത്തിൽനിന്ന് യാതൊരു പ്രതികരണവുമുണ്ടായില്ല. ചില കോൺഗ്രസ് നേതാക്കൾക്ക് തന്നെ ഇതിൽ അതൃപ്തിയുണ്ടായിരുന്നു. സ്വാതന്ത്ര്യസമ രസേനാനിയും കോൺഗ്രസ് നേതാവുമാ യിരുന്ന ഇ. മൗയ്തു മൗലവിയുടെ പ്രതി കരണം നോക്കുക:

'അടുത്ത കാലത്തായി ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയാഭിപ്രായങ്ങളെക്കുറിച്ച് ഞാൻ പഠനം നടത്തുന്നുണ്ട്. അപകടകരങ്ങളായ എന്തെങ്കിലും അഭിപ്രായങ്ങൾ അവർ പ്രകടിപ്പിക്കുന്നതായി ഞാൻ കാണുകയുണ്ടായിട്ടില്ല. എന്തൊരടിസ്ഥാനത്തിലാണ് സർക്കാർ അവരെ നിരോധിക്കണമെന്ന് കോൺഗ്രസ് അഭിപ്രായപ്പെടുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെടേണ്ട ഒരു സംഘടനയാണെങ്കിൽ അതിനുള്ള കാരണങ്ങളെന്തൊക്കെയാണെന്ന് ഭരണകക്ഷിക്കാർ വ്യക്തമാക്കേണ്ടതുണ്ട്. (അൽഅമീൻ)

**എന്തുകൊണ്ട് വർഗീയമല്ല ?**

ജമാഅത്തിന്റെ പോളിസി - പ്രോഗ്രാമിൽ ഇപ്രകാരം കാണാം: വർഗീയ വിദ്വേഷം, ഐത്തം, ഉച്ചനീചത്വം, സാംസ്കാരികമായ ആക്രമണം എന്നിവ അവസാനിപ്പിക്കാനും, നന്മ വളർത്താനും തിന്മ ദൂരീകരിക്കാനും പരിശ്രമിക്കുന്നതാണ്.

'ജമാഅത്ത് അതിന്റെ മുഴുവൻ പ്രവർത്തനങ്ങളിലും ധാർമിക പരിധികൾ പാലിക്കുന്നതായിരിക്കും. സത്യസന്ധതക്കും വിശ്വസ്തതക്കും നിരക്കാത്തതോ വർഗീയ വിദ്വേഷവും വർഗസംഘട്ടനവും ഭൂമുഖത്ത് നാശവും പൊട്ടിപ്പുറപ്പെടാൻ ഇടയാക്കുന്നതോ ആയ മാർഗങ്ങളും പരിപാടികളും അത് സ്വീകരിക്കുന്നതല്ല.'

(ഭരണഘടന ഖണ്ഡിക 5)

ജമാഅത്തിന്റെ സമീപനം തീർത്തും അവർഗീയമാണെന്നാണ് ഇത് കാണിക്കുന്നത്. ജമാഅത്തെ ഇസ്‌ലാമി അവർഗീയമായ ഒരാദർശ സംഘടനയാണെന്നതിന് അതിന്റെ ഭരണഘടനയും സാഹിത്യവും ഇതപര്യന്തമുള്ള ചരിത്രവും സാക്ഷിയാണ്. അത് മതം, സമുദായം, വർഗം, വർണം, ഭാഷ തുടങ്ങിയ എല്ലാ വിവേചനങ്ങൾക്കുമതീതമായി മനുഷ്യകുലത്തിന്റെ സ്രഷ്ടാവ് സർവമനുഷ്യരുടെയും മാർഗദർശനത്തിനായി പ്രദാനം ചെയ്ത സത്യത്തിലേക്കാണ് രാജ്യനിവാസികളെ പ്രബോധനം ചെയ്യുന്നത്. ഇതെങ്ങനെ വർഗീയതയായി തീരും? വർഗീയതയെന്നാൽ 'ഏതെങ്കിലുമൊരി വ്യക്തിയോ സംഘടനയോ തങ്ങളുടെ വർഗത്തിന്റെയും വിഭാഗത്തിന്റെയും ക്ഷേമതാൽപര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനപ്പുറം ഇതര വർഗങ്ങളുടെ താൽപര്യങ്ങൾ ഹനിക്കാൻ ശ്രമിക്കുകയും അതിന് വേണ്ടി തെറ്റും നിയമവിരുദ്ധവുമായ മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക, അഥവാ തങ്ങളുടെ താൽപര്യത്തിന്റെ പേരിൽ വിവിധ വർഗങ്ങൾക്കിടയിൽ വെറുപ്പും ശത്രുതയും സൃഷ്ടിക്കുക എന്നാണല്ലോ. ഇങ്ങനെയൊരു നയം സ്വീകരിച്ച് മുന്നോട്ട് പൊവുകയാണെങ്കിൽ ജമാഅത്ത് അതിന്റെ പ്രഖ്യാപിത തത്വങ്ങളെയും നയങ്ങളെയും ബലികഴിക്കുന്നു എന്നാണതിനർഥം. സാമുദായിക വാദവും ദ്വിരാഷ്ട്രവാദവും അത്യന്തം മൂർഛിച്ച ഘട്ടത്തിലാണ് ജമാഅത്ത് രൂപീകൃതമായത് എന്നത് തന്നെ അതിന്റെ അവർഗീയ സ്വഭാവത്തിന് തെളിവാണ്. സാമുദായിക വാദമാണ് അതിന്റെ ലക്ഷ്യമെങ്കിൽ, ദ്വിരാഷ്ട്ര വാദികളുടെ പിന്നിൽ അണിനിരന്ന് അവരുടെ കരങ്ങൾക്ക് ശക്തി പകർന്നാൽ മതിയായിരുന്നു. ജമാഅത്തിന് പകരം അതിന്റെ സ്ഥാപകനേതാവ് പ്രഖ്യാപിച്ചത് ഇപ്രകാരമാണ്: "ഒരിക്കലും നാം 'ഇസ്‌ലാമും' മുസ്‌ലിം ദേശീയത'യും തമ്മിലുള്ള അന്തരം അവഗണിച്ചിട്ടില്ല. അവ രണ്ടും തമ്മിൽ ഏറ്റുമുട്ടിയപ്പോഴെല്ലാം ഇസ്‌ലാമിന്റെ അണിയിൽ ചേർന്നുകൊണ്ട് ദേശീയതക്കെതിരെ സമരത്തിനിറങ്ങാൻ നാം മടിച്ചിട്ടില്ല." ജമാഅത്തിന്റെ ആദർശാധിഷ്ഠിതമായ ഈ നിലപാട് കാരണമാണ് വിഭജനത്തിന് മുമ്പ് മദിരാശിയിൽ ചേർന്ന അഖിലേന്ത്യാ സമ്മേളനത്തിന് നേരെ മുസ്‌ലിം സാമുദായിക വാദികൾ ആക്രമണം നടത്തിയത്. ഇന്ത്യയിലെ മുസ്‌ലിംകൾ ഒന്നടങ്കം വധിക്കപ്പെട്ടാലും പാക്കിസ്ഥാനിലെ ഒറ്റ ഹിന്ദുവിന്റെയും രക്തം ചിന്താൻ പാടില്ലെന്ന് പ്രഖ്യാപിച്ച മൗലാനാ മൗദൂദി രൂപം നൽകിയ പ്രസ്ഥാനത്തെ വർഗീയാരോപണം കൊണ്ടഭിഷേകം നടത്തുന്നതിലപ്പുറം അനീതി മറ്റെന്തുണ്ട്? ഇതെല്ലാം പകൽ വെളിച്ചം പോലെ വ്യക്തമായിട്ടും ദ്വിരാഷ്ട്ര വാദവും സാമുദായിക വാദവും ജമാഅത്തിന്റെ തലയിൽ കെട്ടിവെക്കാനുള്ള ശ്രമമാണ് നടന്നത്.

ജമാഅത്ത് അവർഗീയ സംഘടനയാണെങ്കിൽ എന്തുകൊണ്ടതിൽ അമുസ്‌ലിംകൾക്ക് അംഗത്വം കൊടുക്കുന്നില്ല എന്ന് ചോദിക്കാറുണ്ട്. മറുപടി വളരെ വ്യക്തമാണ്. ഒരാദർശ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയിൽ ആദർശം സർവാത്മനാ അംഗീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ അംഗത്വം നൽകുകയുള്ളൂ. ഇത് ജമാഅത്തിന്റെ മാത്രമല്ല, എല്ലാ ആദർശ പ്രസ്ഥാനങ്ങളുടെയും സവിശേഷതയാണ്. ജമാഅത്തിന്റെ സന്ദേശം അംഗീകരിക്കാത്ത അമുസ്‌ലിംകൾക്ക് മാത്രമല്ല, മുസ്‌ലിംകൾക്കും അതിൽ അംഗത്വം കൊടുക്കുകയില്ല. അതേസമയം ജമാഅത്തിന് പരസഹസ്രം അമുസ്‌ലിം അസോസിയേറ്റഡ് മെമ്പർമാരുണ്ട്. ജമാഅത്തിന്റെ സമ്മേളനങ്ങളിലെല്ലാം ആയിരക്കണക്കിന് അമുസ്‌ലിം പ്രതിനിധികൾ പങ്കെടുക്കാറുള്ളത് ശ്രദ്ധേയമാണ്. അമുസ്‌ലിം സഹോദരന്മാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹരിക്കാനും ജമാഅത്ത് എക്കാലവും ശ്രദ്ധിച്ചിട്ടുണ്ട്. റിലീഫ് പ്രവർത്തനം നടത്തുമ്പോൾ ജമാഅത്ത് അമുസ്‌ലിം സഹോദരന്മാരെ അവഗണിച്ചുവെന്ന് കടുത്ത ജമാഅത്ത് വിരുദ്ധർക്ക് പോലും പറയാനാവില്ല. അഹമ്മദാബാദിൽ 69-ലെ വർഗീയ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് വേണ്ടി 10 ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ച മില്ലത്ത് കോളനിയിൽ അമുസ്‌ലിം കുടുംബങ്ങളെയും ജമാഅത്ത് പുനരധിവസിപ്പിച്ചിട്ടുണ്ട്. അന്നത്തെ ഗുജറാത്ത് ഗവർണറായിരുന്ന നാരായണനായിരുന്നു ഈ കോളനി ഉൽഘാടനം ചെയ്തത്. 1977-ൽ ആന്ധ്രാ തീരപ്രദേശങ്ങളിൽ അടിച്ച് വീശിയ ചുഴലിക്കാറ്റിൽ സർവവും നഷ്ടപ്പെട്ട 165 അമുസ്‌ലിം കുടുംബങ്ങളുള്ള ബസോഗാട്ടി ഗ്രാമവും, 824 അമുസ്‌ലിം കുടുംബങ്ങളുള്ള ലിംഗറെഡ്ഡിപാലവുമടക്കം, 12 അമുസ്‌ലിം ഗ്രാമങ്ങളുടെ പുനരുദ്ധാരണം ജമാഅത്ത് ഏറ്റെടുക്കുകയുണ്ടായി. പന്ത്രണ്ടര ലക്ഷത്തോളം രൂപയാണ് ജമാഅത്ത് ഇവിടെ ചെലവഴിച്ചത്. (ജമാഅത്തിന്റെ റിലീഫ് പ്രവർത്തനങ്ങളിലധികവും മുസ്‌ലിംകളിൽ കേന്ദ്രീകരിക്കപ്പെട്ടു കാണുന്നുണ്ടെങ്കിൽ, അതിന് കാരണം ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെട്ടത് ആ സമുദായമായതുകൊണ്ടാണ്). ജാതിയും മതവും നോക്കാതെയുള്ള ജമാഅത്തിന്റെ ദുരിതാശ്വാസപ്രവർത്തനങ്ങളും സാമുദായിക മൈത്രി നിലനിർത്തുന്നതിൽ അത് നൽകുന്ന സംഭാവനകളും പ്രമുഖ ഗാന്ധി ശിഷ്യനായ പണ്ഡിറ്റ് സുന്ദർലാൽ വിലയിരുത്തുന്നത് നോക്കുക.

"സമുദായിക സൗഹാർദ്ദവും ഹിന്ദു മുസ്‌ലിം ഐക്യവും ഉന്നം വെച്ച് പ്രവർത്തിക്കുന്ന വല്ല സംഘടനയും ഇന്നു രാജ്യത്തുണ്ടങ്കിൽ അത് ജമാഅത്തെ ഇസ്‌ലാമിയാണെന്ന് പൂർണമായ ഉത്തരവാദിത്തത്തോടെ എനിക്ക് പറയാൻ കഴിയും. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ സാക്ഷാൽ ലക്ഷ്യം ഇസ്‌ലാമിന്റെ പ്രചാരണമാണ്. ഈ ലക്ഷ്യത്തോട് യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. എന്നാൽ, ഈ മാർഗത്തിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ സമാധാനപരമായിരിക്കുന്ന കാലത്തോളം അതിനെ എതിർക്കാൻ ആർക്കും അവകാശമില്ല. അപ്രകാരം തന്നെ ബ്രഹ്മസമാജം, ആര്യസമാജം പോലുള്ള മറ്റേതെങ്കിലും മതസംഘടന രാജ്യത്തെ മുഴുവൻ തങ്ങളുടെ കൊടിക്ക് കീഴിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അതിന്റെ പ്രവർത്തനമാർഗങ്ങൾ സമാധാനപരമായിരിക്കുന്ന കാലത്തോളം അതിനെ എതിർക്കാൻ ആർക്കും അവകാശമില്ല. ജമാഅത്തെ ഇസ്‌ലാമി രാജ്യത്തൊരിടത്തും വളണ്ടിയർമാർക്കോ പ്രവർത്തകർക്കോ ഒരു വിധത്തിലുള്ള സൈനിക പരിശീലനവും നൽകുന്നില്ല."

ആർ.എസ്.എസ്.എസിനെപ്പോലെ ജമാഅത്തും ഒരർധ സൈനികസംഘടനയാണെന്ന എ.ഐ.സി.സി. പ്രമേയത്തിന്റെ അർഥശൂന്യത വ്യക്തമാക്കാൻ ചില വസ്തുതകൾ കൂടി: 1946-ൽ ബീഹാറിൽ വർഗീയ കലാപം ആളിപ്പടർന്നുകൊണ്ടിരി

ക്കെയാണ് ജമാഅത്തിന്റെ പാറ്റ്നാ സമ്മേളനം നടന്നത്. ജമാഅത്ത് പ്രവർത്തകരുടെ എളിയ ക്ഷണം സ്വീകരിച്ച് സമ്മേളത്തിൽ പങ്കെടുത്ത ഗാന്ധിജി, ജമാഅത്തിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയുണ്ടായി. (സർച്ച്ലൈറ്റ്, പാറ്റ്ന, ഏപ്രിൽ 22, 1946) ഈ ഫക്കീറന്മാരുടെ യോഗത്തിലേക്ക് കാൽനടയായെങ്കിലും താൻ സംബന്ധിക്കാനെത്തും എന്ന് പ്രഖ്യാപിച്ച ഗാന്ധിജി, വർഗീയ വീക്ഷണത്തോട് കൂടിയ ഏകാധിപത്യസംഘടന എന്നായിരുന്നു ആർ.എസ്.എസ്.എസിനെ വിശേഷിപ്പിച്ചിരുന്നത്. 'ഗാന്ധി ശിഷ്യന്മാരാ'കട്ടെ 'തൂക്കമൊപ്പിക്കാൻ, ആർ.എസ്.എസ്.എസിനെയും ജമാഅത്തിനെയും ഒരേ പട്ടികയിൽ ഉൾപെടുത്തുകയാണുണ്ടായത്. ജമാഅത്ത് ആയുധപരിശീലനം നടത്തുന്നുണ്ടോ? വർഗീയകലാപങ്ങളിൽ ഏതെങ്കിലുമൊന്നിൽ പരോക്ഷമായെങ്കിലും പങ്കെടുത്തിട്ടുണ്ടോ? വർഗീയാരോപണമുണ്ടാവുമ്പോഴെല്ലാം ജമാഅത്ത് നേതൃത്വം ഭരണാധികാരികളോട് ചോദിച്ച ചോദ്യങ്ങളാണിത്. തങ്ങളുടെ ഭാഗം ന്യായീകരിക്കത്തക്ക തെളിവുകളൊന്നും അവർക്കിന്ന് വരെ ലഭിച്ചിട്ടില്ല. അടിയന്തരാവസ്ഥക്കാലത്ത് ചില സംഘടനകളുടെ ഓഫീസുകളിൽ നിന്ന് അധികൃതർ മാരകായുധങ്ങൾ പിടികൂടിയപ്പോൾ, ജമാഅത്ത് ഓഫീസുകളിൽനിന്ന് കിട്ടിയത് സ്വണാഭരണങ്ങളായിരുന്നു. പലിശയില്ലാ വായ്പക്ക് പാവപ്പെട്ടവർ നൽകിയ പണയമായിരുന്നു അവ.

1964 ജൂൺ 5-ന് രാജസ്ഥാനിലെ സവായെ മാധവ്പൂർ ജില്ലയിലുണ്ടായ സംഭവം ജമാഅത്തിന്റെ അവർഗീയ നിലപാടിന് ലഭിച്ച അംഗീകാരമായിരുന്നു. ജമാഅത്തുമായി ബന്ധമുള്ള അഞ്ച് അധ്യാപകരെ ഗവർണർ പിരിച്ചുവിട്ടു. ഇവരുടെ പ്രവർത്തനം സ്റ്റേറ്റിന്റെ സുരക്ഷക്ക് ഭഷണിയാണ് എന്ന പേരിൽ 311-ാം വകുപ്പ് പ്രകാരമായിരുന്നു പിരിച്ചുവിടൽ നടപടി. അധ്യാപകർ 226, 227 വകുപ്പ് അനുസരിച്ച് കേസ് കൊടുത്തു. രാജസ്ഥാൻ ഹൈക്കോർട്ടിലെ ജോധ്പൂർ ബെഞ്ചിലെ ജസ്റ്റിസ് വി.പി. തലാഗി ഗവർണറുടെ ഉത്തരവ് റദ്ദാക്കി. ജമാഅത്തെ ഇസ്‌ലാമി നശീകരണ പ്രവർത്തനങ്ങളിലേർപെട്ടതിന് തെളിവുകൾ ഹാജറാക്കാൻ ഭരണൂടത്തിന് കഴിഞ്ഞിട്ടില്ലെന്ന് വിധിന്യായത്തിൽ ജസ്റ്റിസ് ത്യാഗി ചൂണ്ടിക്കാട്ടുകയുണ്ടായി.

'ഇഖാമത്തുദ്ദീൻ' മുസ്‌ലിം രാഷ്ട്രവാദമാണെന്നാണ് മറ്റൊരു ആരോപണം. ഇത് ശരിയല്ലെന്ന് നാം നേരത്തെ ഉദ്ധരിച്ച ഉദ്ധരണികളിൽനിന്ന് അർഥശങ്കക്കിടയില്ലാത്ത വിധം വ്യക്തമാകുന്നുണ്ട്. ഇസ്‌ലാമിനെ സർവജനീനമായ ഒരു വ്യവസ്ഥിതിയായി അവതരിപ്പിക്കുക മാത്രമാണ് ജമാഅത്ത് ചെയ്യുന്നത്. മുസ്‌ലിംകളുടെ ഒരു ഭരണം സ്ഥാപിക്കണമെന്ന് അതിന് വാദമില്ല. ജമാഅത്ത് മുന്നോട്ട് വെക്കുന്ന ആശയം ജനങ്ങൾക്ക് സ്വീകരിക്കുകയോ തള്ളുകയോ ചെയ്യാം. പക്ഷേ ഈ ആദർശം പാർട്ടികൾക്ക് അസ്വീകാര്യമായിപ്പോയെങ്കിൽ, അതിന്റെ പേരിൽ ജമാഅത്തിനെ വർഗീയകക്ഷിയാക്കുന്നത് നീതീകരിക്കാനാവുമോ? ഗാന്ധിജി രാമരാജ്യസംസ്ഥാപനമാണ് തന്റെ ലക്ഷ്യമെന്ന് പറഞ്ഞപ്പോൾ ആരും അദ്ദേഹത്തെ വർഗീയവാദിയായി കണ്ടില്ല. കമ്യൂണിസത്തിനും സോഷ്യലിസത്തിനും വേണ്ടി പ്രവർത്തിക്കുന്നവരെയും ആരും അനഭിമതരായി കണക്കാക്കുന്നില്ല. രാഷ്ട്രവും സമൂഹവും നേരിടുന്ന പ്രശ്നങ്ങൾക്ക് ഇസ്‌ലാമാണ് പരിഹാരം എന്ന് പ്രഖ്യാപിക്കുന്നവർ മാത്രം എന്ത്കൊണ്ടാണ് വർഗീയവാദികളായി ചിത്രീകരിക്കപ്പെടുന്നത്? ആർ.എസ്.എസ്.എസിനെയും ജമാഅത്തിനെയും കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് ഒരു അന്വേഷണ കമീഷനെ നിയോഗിക്കുന്നതായി വാർത്ത വന്നപ്പോൾ അതിനെ സഹർഷം സ്വാഗതം ചെയ്ത പാരമ്പര്യമാണ് ജമാഅത്തിനുള്ളത്. ആർ.എസ്.എസ്. നേതാവ് ഗോൾവാൾക്കറാകട്ടെ അതിനെ ചൂഷിച്ച് തള്ളുകയായിരുന്നു.

അതിനാൽ ജമാഅത്തിൽ വർഗീയത ആരോപിക്കുന്നവരുടെ ഉള്ളിലിരിപ്പ് മറ്റെന്തോ ആണെന്ന് വ്യക്തമാവുന്നു. ഹൈന്ദവ വർഗീയ ഫാസിസ്റ്റ് സംഘടനകളുടെ മേൽ കൈവെക്കാൻ ധൈര്യമില്ലാതിരുന്ന ഭരണവർഗം, സന്തുലിതത്വം പാലിക്കാൻ ജമാഅത്തിനെക്കൂടി വലിച്ചിഴച്ച് കൊണ്ടുവന്ന അധിക്ഷേപാർഹമായ നടപടിയാണ് അടിയന്തരാവസ്ഥയിൽ നാം കണ്ടത്. രഹസ്യാന്വേഷണ വിഭാഗം നൽകുന്ന അസത്യവും അർധസത്യവുമടങ്ങുന്ന റിപ്പോർട്ടും ഭരണകൂടങ്ങളെ സ്വാധീനിച്ചിട്ടുണ്ടാവാം. ജമാഅത്തിനെ അതിന്റെ ജിഹ്വകളിലൂടെയും പുസ്തക പ്രസിദ്ധീകരണങ്ങളിലൂടെയും മനസ്സിലാക്കാതിരുന്നതും തെറ്റിദ്ധാരണക്ക് കാരണമായിട്ടുണ്ട്. ഹൈന്ദവ വർഗീയ വാദികളുടെ ഭാഗത്ത് നിന്നുള്ള ആരോപണമാകട്ടെ തീർത്തും ദുരുപധിഷ്ഠിതമാണ്. മുസ്‌ലിം വർഗീയതയെ പൊക്കിക്കാട്ടി ഹിന്ദു വർഗീയതക്ക് രക്ഷാകവചം തീർക്കാനാണ് അവരുടെ ശ്രമം. സ്വന്തം രാഷ്ട്രീയ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള വെപ്രാളത്തിൽ ജമാഅത്തിനെതിരെ വായിൽവന്നതൊക്കെ പ്രസ്താവനകളാക്കുന്നവരും കുറവല്ലെന്ന് അടുത്തകാലത്തെ ചില സംഭവങ്ങൾ തെളിയിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്തിൽ, സത്യാന്വേഷികൾക്ക് ജമാഅത്തിനെ മനസ്സിലാക്കാനുതകുന്ന വിധത്തിൽ ഇന്ത്യയിലെ എല്ലാ ഭാഷകളിലും ഇസ്‌ലാമിക സാഹിത്യശാഖ വികസിച്ച് വരുന്നുണ്ട്. സമീപഭാവിയിൽ തന്നെ തെറ്റിദ്ധാരണയുടെ ഈ കാർമേഘപടലം നീങ്ങുമെന്നാശിക്കുക.